


ഡിസ്റ്റിൻഗ്വിഷ്ഡ് ഫെലോഷിപ്പ് പാരസ് ഷാഹ്ദാദ്പുരിക്ക് യു എ ഇ സാംസ്കാരിക മന്ത്രി ശൈഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ സമ്മാനിക്കുന്നു

# ഡിസ്റ്റിൻഗ്വിഷ്ഡ് ഫെലോഷിപ്പ് പാരസ് ഷാഹ്ദാദ്പുരിക്ക് സമ്മാനിച്ചു

**ദുബൈ:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറക്ടേഴ്സ് (ഐ ഒ ഡി) ഇന്ത്യ ഏർപ്പെടുത്തിയ ഡിസ്റ്റിൻഗ്വിഷ്ഡ് ഫെലോഷിപ്പ്- 2016 നികായ് ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ പാരസ് ഷാഹ്ദാദ്പുരിക്ക് സമ്മാനിച്ചു. ഇന്ത്യക്കും യു എ ഇക്കുമിടയിലെ സാമ്പത്തിക-വ്യാപാര ബന്ധം മെച്ചപ്പെടുത്താൻ നൽകിയ സംഭാവനകളാണ് ഷാഹ്ദാദ്പുരിയെ ബഹുമതിക്ക് അർഹനാക്കിയത്.

മികച്ച കോർപറേറ്റ് നേതൃത്വത്തെ വാർത്തെടുക്കുന്നതിന് പരിശീലനവും മാർഗനിർദേശങ്ങളും നൽകുന്ന ഇന്ത്യയിലെ കോർപറേറ്റ് ഡയറക്ടർമാരുടെ ലാഭേച്ഛയില്ലാത്ത ദേശീയ സംഘടനയാണ് ഐ ഒ ഡി.

യു എ ഇയിലെ ഏറ്റവും വലിയ ഇന്ത്യൻ വ്യവസായികളിൽ ഒരാളായ പാരസ് ഷാഹ്ദാദ്പുരി മേഖലയിലെ വ്യാവസായിക രംഗത്ത് തുടർച്ചയായി മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുള്ളയാളാണ്. നയതന്ത്ര രംഗത്ത് നിന്നും വ്യവസായിയായി മാറിയ ഈ ഇന്ത്യക്കാരൻ ജി സി സിയാകെ തരംഗം സൃഷ്ടിച്ചിട്ടുള്ള യു എ ഇ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏറ്റവും വിജയകരമായ സംരംഭങ്ങളിലൊന്നിന്റെ അമരക്കാരനാണ്.

ദുബൈയിൽ ഈയിടെ ഐ ഒ ഡി- ഇന്ത്യയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 26-ാമത് വേൾഡ് കോൺഗ്രസ് ഓൺ ലീഡർഷിപ്പ് ഫോർ ബിസിനസ് എക്സലൻസ് ആൻഡ് ഇന്നൊവേഷനിൽ യുഎഇ സാംസ്കാരിക മന്ത്രി ശൈഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനാണ് ഷാഹ്ദാദ്പുരിക്ക് ഫെലോഷിപ്പ് സമ്മാനിച്ചത്.